ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) സംസ്ഥാന പാർപ്പിട നയത്തിനുകീഴിൽ ഓരോ കുടുംബത്തിനും ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ മൂന്ന് പുതിയ ഭവന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുകീഴിൽ 1.75 ലക്ഷം വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഈ സാമ്പത്തിക വർഷംതന്നെ 7000 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലൂടെ സ്വന്തമായി വീടും ഭൂമിയും തൊഴിലും ഇല്ലാത്തവരുടെ കാര്യത്തിൽ തീരുമാനമുണ്ടാകുമെന്ന് കരുതുന്നു.

ഭവന നിർമ്മാണ വകുപ്പ് വഴി പ്രഖ്യാപിച്ച പദ്ധതികൾ

216 (191) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഭവന നിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഭവനനിർമ്മാണ വകുപ്പിൽ വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിർക്കുന്ന തുക എത്ര;

(സി) ഓരോ വർഷവും ഈ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly